പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2557 — 06.12. 2018 ൽ മറുപടിക്ക്

# കെ.എസ്.ഇ.ബി ക്ക് പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക

ചോദ്യം — ഉത്തരം

ശ്രീ.പാറക്കൽ അബ്ദുല്ല — ശ്രീ.എം.എം.മണി (വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാസ്ഥാപനങ്ങൾ, സ്വകാര്യ വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് കെ.എസ്.ഇ.ബി ക്ക് പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിനായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;<br><br>(ബി) ഇല്ലെങ്കിൽ ഭാവിയിൽ ഇക്കാര്യത്തിൽ എന്ത് നടപടി കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (എ&ബി) കുടിശ്ശിക തുക ഈടാക്കുന്നതിനായി കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ്യ സേവനങ്ങൾ അല്ലാത്ത ഉപഭോക്താക്കളുടെയും കോടതിയിൽ വ്യവഹാരങ്ങളില്ലാത്ത ഉപഭോക്താക്കളുടേയും വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക, കണക്ഷൻ അഴിച്ചുമാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും.അതിനു ശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക വസൂലാക്കുകയും ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി ശുപാർശ നല്കുകയും ചെയ്യുന്നുണ്ട്.<br><br>കൂടാതെ, കെ.എസ്.ഇ.ആർ.സി-യുടെ അനുമതിയോടു കൂടി രണ്ടു വർഷത്തിൽ കൂടുതൽ കാലയളവിലെ വൈദ്യുതി കുടിശ്ശികകൾ പിരിച്ചെടുക്കാനായി ഒറ്റതവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 31.12.2018 വരെ തുടരുന്ന ടി പദ്ധതി 01.06.2018 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്.<br><br>കോടതിയിൽ വ്യവഹാരത്തിലുള്ള ഉപഭോക്താക്കൾക്കും റവന്യൂ റിക്കവറി നടപടികൾക്ക് ശുപാർശ കൊടുത്തിട്ടുള്ള ഉപഭോക്താക്കൾക്കും കൂടി പ്രസ്തുത പദ്ധതി ഉപയോഗിക്കാനുള്ള അവസരവും ഇതുപ്രകാരം നൽകിയിട്ടുണ്ട്. കോടതിയിൽ വ്യവഹാരത്തിലുള്ള കുടിശ്ശികകളും മറ്റുതരത്തിൽ തർക്കത്തിൽ കിടക്കുന്ന കുടിശ്ശികകളും തീർപ്പാക്കുവാനായി വ്യക്തമായ മാർഗരേഖകൾ ഉൾകൊള്ളിച്ചു കൊണ്ടുള്ള ഉത്തരവ് ബോർഡ് 20.08.2018 ന് പുറപ്പെടുവിച്ചിട്ടുണ്ട്. കുടിശ്ശികകൾ തീർപ്പാക്കുവാനായി നിയോഗിച്ചിട്ടുള്ള ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരുടെ കീഴിലുള്ള ജില്ലാതല കമ്മറ്റികൾക്കു ഇത്തരത്തിലുള്ള കുടിശ്ശികയുടെ മുതലിനത്തിൽ തന്നെ ഇളവുകൾ അനുവദിക്കുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്.<br><br>ഗവൺമെന്റ് സ്ഥാപനങ്ങളുടെയും, വാട്ടർ അതോറിറ്റിയുടെയും വൈദ്യുതി കുടിശ്ശിക തീർപ്പാക്കുന്നതിനായി ഗവൺമെന്റ് തലത്തിൽ ഉന്നതതല യോഗങ്ങൾ നടത്തി വരികയാണ്. കേരള വാട്ടർ അതോറിട്ടിയുടെ വൈദ്യുതി കുടിശ്ശിക 4 തവണകളായി സർക്കാരിന്റെ |

| | |
|---|---|
| | ബഡ്ജറ്റ് സഹായത്തിലൂടെ അടച്ചു തീർക്കാൻ 29.10.2018-ലുള്ള ചർച്ചയിൽ തീരുമാനമായിട്ടുണ്ട്. അതുപോലെ തന്നെ ആരോഗ്യ വകുപ്പുൾപ്പെടെയുള്ള ഗവൺമെന്റ് സ്ഥാപനങ്ങളുടെയും കുടിശ്ശികകൾ അടച്ചു തീർക്കുന്നതിനായുള്ള ചർച്ചകൾ നടന്നുവരികയാണ്. സ്വകാര്യ വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും കെ.എസ്.ഇ.ബി-ക്കു പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക തുക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിനായി വൈദ്യുതി വിച്ഛേദിക്കൽ പോലുള്ള നിയമപരമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ